# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2185

18.03.2015 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണ കമ്മീഷൻ പ്രവർത്തനത്തിനായുള്ള ചെലവ്

**ചോദ്യം**

ശ്രീ.വി.ചെന്താമരാക്ഷൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ശമ്പള പരിഷ്കരണ കമ്മീഷൻ ചെയർമാനും അംഗങ്ങളും നാളിതുവരെ ശമ്പളം, T.A., D.A., മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ ആകെ എത്ര തുകവീതം വാങ്ങിയിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ; | : | അനുബന്ധം I-ൽ കണ്ടാലും |
| (ബി) | കമ്മീഷനിൽ ഏതെല്ലാം തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥരെ നിയമിച്ചു എന്നും ഓരോരുത്തരും ശമ്പളം, T.A., D.A., മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ എന്ത് തുക നാളിതുവരെ വാങ്ങിയിട്ടുണ്ട് ; വിശദമാക്കാമോ ; | : | 17/05/14 തീയതിയിലെ സ.ഉ.(കൈ)നം.176/2014/ധന ഉത്തരവു പ്രകാരം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി 28 താല്ക്കാലിക തസ്തികകൾ അനുവദിക്കുകയുണ്ടായി. ടി തസ്തികകൾ പുനർവിന്യാസ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റിലെ ധനകാര്യവകുപ്പിൽ നിന്നും ഭരണ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതു കൂടാതെ ചെയർമാന്റെ സെക്രട്ടറി, സ്പെഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കും കമ്മീഷന്റെ ഡ്രൈവർ, കാഷ്വൽ സ്വീപ്പർ, സെക്യൂരിറ്റി ഗാർഡ് എന്നീ തസ്തികകളിലേക്കും താല്ക്കാലിക വേതന വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളം, അലവൻസ്, മറ്റിനങ്ങൾ എന്നിവ ഉൾപ്പെടെ നാളിതുവരെ 92,71,929/- രൂപ ചെലവായിട്ടുണ്ട്. വിശദ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | കമ്മീഷന്റെ പ്രവർത്തനത്തിനായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര വാഹനങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട് ; ഓരോ വാഹനത്തിനുവേണ്ടിയും നാളിതുവരെ ചെലവായ തുക എത്ര ; വിശദമാക്കുമോ ; | : | കമ്മീഷന്റെ പ്രവർത്തനാവശ്യത്തിലേക്കായി ധനകാര്യ വകുപ്പിൽ നിന്നും മഹീന്ദ്ര ബൊലീറോ ജീപ്പ് 1, ടൊയോട്ടാ കൊറോളാ ഓൾട്ടിസ് കാർ 1, ഫോർഡ് ക്ലാസിക്ക് കാർ 1, എന്നീ 3 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഈ വാഹനങ്ങൾക്കായി നാളിതുവരെ 1,23,576/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | കമ്മീഷന്റെ കാലാവധി നീട്ടിയതുമൂലം എത്രശതമാനം അധികച്ചെലവ് നേരിടുകയുണ്ടായി ; കമ്മീഷന് സർക്കാർ എത്ര ദിവസം നീട്ടിക്കൊടുത്തിട്ടുണ്ട് ? | : | സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കാണ് കമ്മീഷനെ നിയമിച്ചിട്ടുള്ളത്. ആയതിനാൽ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചത് അധിക ചെലവായി കണക്കാക്കേണ്ടതില്ല. നിലവിൽ കമ്മീഷന്റെ പ്രവർത്തന കാലാവധി 30.06.2015 തീയതി വരെയാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ